**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - 2019 മെയ് മുതൽ ജൂലൈ മാസം വരെയുള്ള വ്യാപാരി ക്ഷേമനിധി പെൻഷൻ വിതരണത്തിനായി അധിക തുക അനുവദിച്ച് ഉത്തരവാകുന്നു.

---

## ധനകാര്യ (എസ്എഫ്. സി-എ) വകുപ്പ്

സ.ഉ.(സാധാ) നം. 8125/2019/ധന                    തിരുവനന്തപുരം, തീയതി, 16.10.2019.

പരാമർശം:- 1) സ.ഉ.(സാധാ) നം. 6780/2019/ധന തീയതി: 24.08.2019

2) വ്യാപാരി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫിസറുടെ 27.08.2019 തീയതിയിലെ 2471/റ്റി.ഡബ്ല്യൂ.ബി 1/2019 നമ്പർ കത്ത്.

**ഉത്തരവ്**

2019 മേയ്, ജൂൺ, ജൂലൈ മാസങ്ങളിലെ പെൻഷൻ വിതരണത്തിനു വ്യാപാരി ക്ഷേമ ബോർഡ് 3.84 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1.54 കോടി രൂപയാണ് സൂചന ഒന്ന് പ്രകാരം വ്യാപാരി ക്ഷേമനിധി ബോർഡിന് അനുവദിച്ച് നൽകിയത്. വ്യാപാരി ക്ഷേമനിധി ബോർഡിന് 2019 മെയ് മുതൽ ജൂലൈ വരെയുള്ള പെൻഷൻ വിതരണത്തിനാവശ്യമായ 3.84 കോടി രൂപയിൽ കുറവുചെയ്തു അനുവദിക്കപ്പെട്ട 2.3 കോടി രൂപ അടിയന്തിരമായി ലഭ്യമാക്കണമെന്ന് സൂചന രണ്ട് പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. 2019 മെയ് മുതൽ ജൂലൈ വരെയുള്ള പെൻഷൻ വിതരണത്തിന് വ്യാപാരി ക്ഷേമനിധി ബോർഡ് അധികമായി ആവശ്യപ്പെട്ട 2,30,00,000/- രൂപ (രണ്ട് കോടി മുപ്പതു ലക്ഷം രൂപ മാത്രം) അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടി തുക ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് (701010200002558 ജില്ലാ ട്രഷറി, തിരുവനന്തപുരം) ട്രാൻസ്ഫർ ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവാദം നൽകിയും ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പ്രതീപ് കുമാർ. ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

**പകർപ്പ്:**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
4. മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് നികുതി വകുപ്പ്
5. ധനകാര്യ (ലേബർ/എക്സ്പെൻഡിച്ചർ) വകുപ്പ്
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
7. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
9. ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ 583934)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ